പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1540.

03.05.2017 - ൽ
മറുപടിയ്ക്ക്

## പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ വനിതകളെ നിയമിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ വനിതാ പോലീസ് (WCPO) മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) പ്രസ്തുത നടപടി പോലീസ് സ്റ്റേഷനുകൾ കൂടുതൽ വനിതാ സൗഹൃദമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും സ്വീകരിച്ചു വരുന്നു. സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 30.01.2017 ലെ സ.ഉ(കൈ)നം. 15/2017/ആഭ്യന്തരം പ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി അംഗബലം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തരവകുപ്പ് - പോലീസ് ജീവനക്കാര്യം - സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചുകൊണ്ടും തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (കെ) വകുപ്പ്

സ.ഉ.(കൈ)നം. 15/2017/ആഭ്യന്തരം തീയതി, തിരുവനന്തപുരം, 30.01.2017.

പരാമർശം: സംസ്ഥാന പോലീസ് മേധാവിയുടെ 23.09.2016 ലെ ഇ5/149252/20../പി.എച്ച്.ക്യൂ നമ്പർ കത്ത്.

### ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ടി ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണെന്നും ടി ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. നിവേദനങ്ങളിലെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കേരള പോലീസിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം കേവലം 6.4% മാത്രമാണ്. ഈ സാഹചര്യത്തിൽ. വനിതാ പോലീസിന്റെ അംഗസംഖ്യ ഘട്ടംഘട്ടമായി 15% ആക്കി ഉയർത്തുന്നതിന്റെ ഭാഗമായി, ആദ്യഘട്ടമായി കണ്ണൂരോ/തിരുവനന്തപുരമോ ആസ്ഥാനമാക്കി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചുകൊണ്ടും ഈ ബറ്റാലിയനിൽ താഴെ പറയുന്ന തസ്തികകൾ പുതിയതായി സൃഷ്ടിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

*കമാണ്ടന്റ്: 1. വനിതാ പോലീസ് ഹവിൽദാർ - 20. വനിതാ പോലീസ് കോൺസ്റ്റബിൾ - 380. ഡ്രൈവർ - 5. ടെക്നിക്കൽ വിഭാഗം - 10, ആർമറർ എസ്.ഐ - 1, ക്യാമ്പ് ഫോളോവർമാർ - 20, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - 1 ജൂനിയർ സൂപ്രണ്ട് - 1. കാഷ്യർ/സ്റ്റോർ അക്കൗണ്ടന്റ് - 1, ക്ലാർക്ക് - 8, ടൈപ്പിസ്റ്റ് 2. ഓഫീസ് അറ്റന്റന്റ് - 1.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നളിനി നെറ്റോ
അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്:

1) സംസ്ഥാന പോലീസ് മേധാവി, കേരളം. തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്). തിരുവനന്തപുരം
3) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, എ.പി ബറ്റാലിയൻ, തിരുവനന്തപുരം.
4) സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ (പേരുവച്ച കവറിൽ)
5) ധനകാര്യ വകുപ്പ് (19.01.2017 ലെ 162623/വ്യയം എ3/30/2016/ധന പ്രകാരം)
6) പൊതുഭരണ(എസ്.സി) വകുപ്പ് (25.01.2017 ലെ ഇനം നമ്പർ 657 പ്രകാരം)
7) വെബ് & മീഡിയ
8) സ്റ്റോക്ക് ഫയൽ/ഒ.സി.

പകർപ്പ്: 1) ബഹു. മുഖ്യമന്ത്രിയുടെ പി.എസ്-ന്
2) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ